Draft #12 of File D2/1866/23/GPC-TKPR Approved by Principal on 05-Jul-2024 10:25 AM - Page 2

# ഗവ: പോളിടെക്നിക്ക് കോളേജ്, തൃക്കരിപ്പൂർ

നം:D2/1866/2023 തീയ്യതി: 03.07.2024

## നീട്ടിയ ക്വട്ടേഷൻ / ലേല പരസ്യം

തൃക്കരിപ്പൂർ ഗവ: പോളിടെക്നിക്ക് കോളേജ് കാമ്പസിലെ അക്കേഷ്യ മരങ്ങൾ 15.07.2024 ന് രാവിലെ 11.30 മണിക്ക് പോളിടെക്നിക്ക് കോളേജിൽ വെച്ച് പരസ്യമായി ലേലം ചെയ്യും ക്വട്ടേഷൻ സ്വീകരിച്ചും വിൽപന നടത്തുന്നതാണ്.

| ക്രമ നമ്പർ | സ്ഥലം | മരത്തിന്റെ ഇനം | റിമാർക്സ് |
|---|---|---|---|
| 1 | ഇ കെ എൻ എം ഗവൺമെൻറ് പോളിടെക്നിക് കോളേജ്, തൃക്കരിപ്പൂർ | അക്കേഷ്യ (Timber), ശിഖരങ്ങൾ, അക്കേഷ്യ (Firewood) As per Valuation Statement from Social Forestry Division, Kasaragod | മുറിച്ച് നീക്കുവാൻ |

ലേല / ക്വട്ടേഷൻ നിബന്ധനകൾ:-

1. ലേലത്തിൽ / ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം 15.07.2024 ന് രാവിലെ 11.00 മണിക്ക് മുമ്പായി നിരതദ്രവ്യം ഇനത്തിൽ സംഖ്യ 5000/- പോളിടെക്നിക് കോളേജിൽ ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ അന്നേ ദിവസം രാവിലെ 11.00 മണിക്ക് മുമ്പായി ക്വട്ടേഷനുകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിന് ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്നവരുടെ പേരിലോ ലേലം / ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം / ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം ഒടുക്കി മരം മുറിക്കുവാനുള്ള അനുവാദം വങ്ങേണ്ടതാണ്.

3. ലേലം / ക്വട്ടേഷൻ പിടിച്ച വ്യക്തി ലേലം / ക്വട്ടേഷൻ തുകയുടെ 25% സെക്യൂരിറ്റി സംഖ്യ അന്നേദിവസം ഈ ഓഫീസിൽ അടക്കേണ്ടതാണ്. ടി തുക മരം മുറിച്ച് നീക്കം ചെയ്തതിന് ശേഷം പലിശ രഹിതമായി ബാദ്ധ്യതകളൊന്നുമില്ലെങ്കിൽ തിരിച്ചു നൽകുന്നതാണ്.

4. ലേലം / ക്വട്ടേഷൻ വിളിച്ചയാൾ, ലേല സംഖ്യയുടെ 18% ചരക്ക് സേവന നികുതിയും (GST) ലേല സംഖ്യയുടെ 5% വനവികസന നികുതിയായും 2.5% ആദായനികുതിയും(TCS) ഉൾപ്പെടെ മുഴുവൻ തുകയും അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

5. ലേലത്തിൽ പിടിച്ച മരങ്ങൾ മുറിക്കാനുള്ള അനുവാദം ലഭിച്ച് 10 ദിവസത്തിനകം പോളിടെക്നിക്ക് കോളേജിലെ വസ്തുവകൾക്കോ കേട്ടിടങ്ങൾക്കോ കേടുപാടുകൾ കൂടാതെ മരങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിയമവിധേയമായ നടപടികളും പിഴപലിശയും ഈടാക്കുന്നതായിരിക്കും.

6. മരങ്ങൾ മുറിച്ചു മാറ്റുന്നതിന് കരാർ ലഭിച്ചവർ സ്വന്തം ചെലവിൽ വസ്തുവകൾക്കോ കേട്ടിടങ്ങൾക്കോ മറ്റ് വൃക്ഷങ്ങൾക്കോ പൊതുജനങ്ങൾക്കോ പൊതുജനങ്ങളുടെ സ്വത്തുവകൾക്കോ യാതൊരുവിധമായ നഷ്ടവും ഉണ്ടാക്കാതെ മരങ്ങൾ മുറിക്കേണ്ടതും തടി നീക്കം ചെയ്യേണ്ടതുമാണ്.

7. മരങ്ങൾ മുറിക്കുന്നതിന് മുമ്പ് മരങ്ങളിൽ പക്ഷിക്കൂട് ഇല്ല എന്നും, പക്ഷികൾ വസിക്കുന്നില്ല എന്നും, വിശ്രമിക്കുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്. മരങ്ങൾ മുറിക്കുമ്പോൾ, മനുഷ്യനോ പക്ഷികൾക്കോ മറ്റു ജന്തുജാലങ്ങൾക്കോ യാതൊരു വിധ ആപത്തോ ശല്യങ്ങളോ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. ലേലം ഉറപ്പിക്കുവാനോ മാറ്റിവെക്കുവാനോ പുനർ ലേലം നടത്തുവാനോ ഉള്ള എല്ലാ അധികാരങ്ങളും പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൽ (സ്ഥാപന മേധാവി) നിക്ഷിപ്തമാണ്. ലേലം/ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

9. മുറിച്ച് ലേലം ചെയ്യുവാനുദ്ദേശിക്കുന്ന മരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും (9 am to 4 pm പോളിടെക്നിക് കോളേജിലെ നിശ്ചിത പ്രദേശങ്ങളിൽ വന്ന് പരിശോധിക്കാവുന്നതാണ്. ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ പോളിടെക്നിക് കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

10. അവിചാരിതമായ കാരണങ്ങളാൽ ലേലം മാറ്റി വെക്കുന്നതിന് ഈ ലേല നോട്ടീസിൽ അടിയിൽ ഒപ്പിട്ടിരിക്കുന്നയാൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

പ്രിൻസിപ്പാൾ

Principal
E.K Nayanar Memorial Government Polytechnic
College Thrikkarippur
Udinur (PO) Kasaragod
Kerala - 671 310

E.K. NAYANAR MEMORIAL GOVT. POLYTECHNIC COLLEGE THRIKKARIPPUR
UDINUR (PO). KASARAGOD - 671 310. KERALA

Draft #12 of File D2/1866/23/GPC-TKPR Approved by Principal on 05-Jul-2024 10:25 AM - Page 3